
അഭിമുഖം



# 'വിഷൻ 2016' ലക്ഷ്യമിടുന്നത് അവശ വിഭാഗങ്ങളുടെ സമഗ്ര പുരോഗതി

ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ ഉപാധ്യക്ഷൻ **പ്രഫ. കെ.എ സിദ്ദീഖ് ഹസൻ** 'വിഷൻ 2016' എന്ന ബൃഹദ് പദ്ധതിയെക്കുറിച്ച് സംസാരിക്കുന്നു

**എ. പി. സി. ആർ പൗരാവകാശങ്ങളുടെ സംരക്ഷണത്തിന് വേണ്ടി രൂപവത്കരിച്ച എൻ. ജി. ഒ ആണ്. അവകാശങ്ങൾ നിഷേധിക്കപ്പെടുന്നവർക്ക് നിയമസഹായവും ലഭ്യമാക്കും. നിയമസംവിധാനങ്ങൾ, പോലീസ്, ഭരണകൂടം തുടങ്ങിയ ജനാധിപത്യ സ്ഥാപനങ്ങളുടെ കാവൽനായ പോലെ പ്രവർത്തിക്കും എ. പി. സി. ആർ.**


**എന്താണ് വിഷൻ 2016?**

ഭാവി ഇന്ത്യയിൽ മുസ്‌ലിംകൾ ഉൾപ്പെടെയുള്ള പിന്നാക്ക- അവശജനവിഭാഗങ്ങൾക്കുകൂടി പുരോഗതിയും വളർച്ചയും ഉണ്ടാകണമെന്ന സ്വപ്നം. ഇതിനുള്ള കർമപദ്ധതിയാണ് വിഷൻ 2016. വിദ്യാഭ്യാസം, സാമ്പത്തികം, ആരോഗ്യ രക്ഷ, മൗലികാവകാശങ്ങളുടെ സംരക്ഷണം, പ്രകൃതി ദുരന്തങ്ങളും മറ്റും ഉണ്ടാകുമ്പോഴുള്ള സഹായം എന്നീ കാര്യങ്ങളിലാണ് ഊന്നൽ. 'സമൂഹത്തിന്റെ പുരോഗതി സമൂഹത്തിന്റെ സഹകരണത്തോടെ' എന്ന ആശയം മുന്നോട്ടുവെക്കുന്ന പ്രോജക്ടാണിത്. തീർത്തും പ്രയോഗവത്കരിക്കാവുന്ന ഒന്നുമാണ്.

**ഈ പ്രോജക്ടുമായി മുന്നോട്ടുപോകുമ്പോൾ ജമാഅത്തെ ഇസ്‌ലാമി അതിന്റെ ലക്ഷ്യത്തിൽനിന്ന് വഴിതിരിഞ്ഞുപോയി എന്ന് വിലയിരുത്തപ്പെടുമോ?**

ജമാഅത്തെ ഇസ്‌ലാമിയുടെയും അതിൽ ചേർന്നിരിക്കുന്ന ഓരോരുത്തരുടെയും ജീവിതലക്ഷ്യം ദീനിന്റെ സംസ്ഥാപനം തന്നെയാണ്. ജമാഅത്തിന്റെ കഴിഞ്ഞ അറുപത് വർഷത്തെ ചരിത്രം ഇതിന് ഏറ്റവും നല്ല സാക്ഷ്യമാണ്. ദീനിന്റെ സംസ്ഥാപനം എന്ന ബാധ്യത നിർവഹിക്കേണ്ടത് ജമാഅത്തുകാർ മാത്രമാണെന്നല്ല ജമാഅത്തിന്റെ നിലപാട്. മുസ്‌ലിം സമൂഹം കൂട്ടായി നിർവഹിക്കേണ്ട ഒന്നാണത്. അതിനാൽ മുസ്‌ലിംകളെ മുഴുവൻ അതിൽ പങ്കാളികളാക്കാനുള്ള ശ്രമം അനിവാര്യമാണ്. ഇന്ത്യയിലെ ഇസ്‌ലാമിക സമൂഹത്തിന്റെ വിശ്വാസപരവും ധാർമികവും വിദ്യാഭ്യാസപരവും സാമ്പത്തികവും രാഷ്ട്രീയവുമായ അവസ്ഥകൾ രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും ഒരുപോലെയല്ല. വലിയ വ്യത്യാസങ്ങളുണ്ട്. കഴിഞ്ഞ അറുപത് വർഷമായി മുസ്‌ലിം സമൂഹം പറ്റെ പിന്നാക്കമാണെന്നാണ് സച്ചാർ കമീഷൻ വെളിപ്പെടുത്തിയിരിക്കുന്നത്. പിന്നാക്കാവസ്ഥ, തൊഴിലില്ലായ്മ തുടങ്ങിയ പ്രയോഗങ്ങളൊക്കെ ഇന്ത്യൻ മുസ്‌ലിംകളുടെ പര്യായം പോലെ ആയിട്ടുണ്ട്.

മുസ്‌ലിംകളായി നിലനിന്നുപോവാൻ ഈ പിന്നാക്കാവസ്ഥ ചിലപ്പോൾ തടസ്സമാ




യില്ലെന്ന് വരാം. പക്ഷേ, മുസ്‌ലിംകളെ ഉത്തമ സമുദായമാക്കുന്നതിന്, അവരെ പൊതുസമൂഹത്തിന് മുമ്പിൽ കർമസാക്ഷികളാക്കുന്നതിന്, ഒരു പ്രബോധകസംഘമായി ഉയർത്തുന്നതിന്, പൊതുസമൂഹത്തിന് എന്തും നൽകാൻ തയാറുള്ള ഒരു വിഭാഗമാക്കി അവരെ മാറ്റുന്നതിന് ഈ പിന്നാക്കാവസ്ഥ വലിയ തടസ്സം തന്നെയാണ്. പിന്നാക്കമായിനിന്നുകൊണ്ട് ഈ മഹത്തായ ധർമങ്ങളൊന്നും നിർവഹിക്കാനാവില്ല. അന്യരുടെ മുമ്പിൽ കൈനീട്ടുന്നവർക്ക് എങ്ങനെയാണ് സഹായഹസ്ത(Helping Hand)മായി മാറാൻ കഴിയുക? നമ്മുടെ ഈ പരിശ്രമങ്ങളുടെയൊക്കെ ലക്ഷ്യം മുസ്‌ലിം സമൂഹത്തെ ഒരു പ്രബോധകസംഘമാക്കി വളർത്തിയെടുക്കുക എന്നതാണ്. വിഷൻ 2016 രൂപകൽപന ചെയ്തിട്ടുള്ളത് ഈ മഹത്തായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ്. ഇൻശാ അല്ലാഹ്, ഇതുപോലുള്ള ശ്രമങ്ങളിലൂടെ മുസ്‌ലിംകൾക്കിടയിൽ വിദ്യാഭ്യാസം സാർവത്രികമാവുകയും അവരുടെ തൊഴിലും സാമ്പത്തികരംഗവും മെച്ചപ്പെടുകയും കുടുംബങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യ സംവിധാനം നിലവിൽ വരികയും ചെയ്യും. ഇഖാമത്തുദ്ദീനിന്റെ തന്നെ താൽപര്യമാണ് ഈ പ്രോജക്ട് എന്നർഥം.

**മുസ്‌ലിംകളായി നിലനിന്നുപോവാൻ ഈ പിന്നാക്കാവസ്ഥ ചിലപ്പോൾ തടസ്സമായില്ലെന്ന് വരാം. പക്ഷേ, മുസ്‌ലിംകളെ ഉത്തമ സമുദായമാക്കുന്നതിന്, അവരെ പൊതുസമൂഹത്തിന് മുമ്പിൽ കർമസാക്ഷികളാക്കുന്നതിന്, ഒരു പ്രബോധകസംഘമായി ഉയർത്തുന്നതിന്, പൊതുസമൂഹത്തിന് എന്തും നൽകാൻ തയാറുള്ള ഒരു വിഭാഗമാക്കി അവരെ മാറ്റുന്നതിന് ഈ പിന്നാക്കാവസ്ഥ വലിയ തടസ്സം തന്നെയാണ്.**

**വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലാണല്ലോ താങ്കളുടെ പ്രവർത്തനം?**

തെക്ക്, വടക്ക് വ്യത്യാസമൊന്നും നമുക്കില്ല. എവിടെയെല്ലാം ജനത പിന്നാക്കമാണോ അവിടെ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതാണ് രീതി. താങ്കൾക്കറിയാവുന്ന പോലെ, മുസ്‌ലിംകൾ ഉള്ളതുപോലെ രാജ്യത്തിന്റെ എല്ലാ ഭാഗത്തും ജമാഅത്തെ ഇസ്‌ലാമിയും ഉണ്ട്. രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ വിജയകരമായ പരീക്ഷണങ്ങൾ നടക്കുന്നുണ്ടെങ്കിൽ അവയുടെ പ്രയോജനം മറ്റിടങ്ങളിലും ലഭ്യമാക്കേണ്ടത് ജമാഅത്തെ ഇസ്‌ലാമിയുടെ ഉത്തരവാദിത്വമാണ്. വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ മുസ്‌ലിം ജനസംഖ്യയുടെ എഴുപത് ശതമാനവും വളരെ ദുഷ്കരമായ ജീവിതസാഹചര്യങ്ങളിലാണ് കഴിഞ്ഞുകൂടുന്നത്. നമ്മുടെ നാട്ടിലെ അറുപത് വർഷത്തെ ദുർഭരണത്തിന്റെ നേർസാക്ഷ്യമത്രെ ഇവിടത്തെ മുസ്‌ലിം സമുദായം. നമ്മുടെ തന്നെ ശരീരത്തിന്റെ ഭാഗമാണ് അവരും. അവരെ ഇനിയും ആ അധഃസ്ഥിതിയിൽ തുടരാൻ അനുവദിച്ചുകൂടാ. അവരെ രക്ഷപ്പെടുത്തേണ്ടത് നമ്മുടെ മതപരവും ധാർമികവുമായ ബാധ്യതയാണ്. മുസ്‌ലിംകൾ ഉൾപ്പെടെയുള്ള പിന്നാക്ക ദുർബല വിഭാഗങ്ങളുടെ സ്ഥിതി മെച്ചപ്പെടുന്നില്ലെങ്കിൽ ഇന്ത്യക്ക് പുരോഗമിക്കാനാവില്ലെന്ന സത്യം ഭരണകർത്താക്കളെ ഓർമിപ്പിക്കാനും ഞങ്ങൾ ആഗ്രഹിക്കുന്നു.

**ഹ്യൂമൻ വെൽഫെയർ ഫൗണ്ടേഷൻ എന്താണ്?**

വിഷൻ 2016 പദ്ധതി നടപ്പാക്കുന്നതിന് വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച വ്യക്തികളുടെയും സമുദായ സ്നേഹികളുടെയും ഒരു ട്രസ്റ്റ് രൂപവത്കരിച്ചിട്ടുണ്ട്. അതാണ് ഹ്യൂമൻ വെൽഫെയർ ഫൗണ്ടേഷൻ. ഇത് പ്രധാനപ്പെട്ട ഒരു ഏകീകരണവേദി (Umbrella body) ആണ്. വിവിധ മേഖലകളിൽ ഗവൺമെന്റേതര സംഘടനകൾ (എൻ.ജി.ഒ) ഉണ്ടാക്കുക, അവക്ക് മാർഗനിർദേശങ്ങൾ നൽകുക, പ്രവർത്തനം കാര്യക്ഷമമാക്കാൻ വഴികൾ കണ്ടെത്തുക തുടങ്ങിയവയാണ് ഇതിന്റെ ഉത്തരവാദിത്വങ്ങൾ.

**ഇതിന്റെ കീഴിൽ എത്ര എൻ.ജി.ഒകൾ നിലവിൽ വന്നിട്ടുണ്ട്?**

പൗരാവകാശങ്ങളുടെ സംരക്ഷണത്തിന് APCR (Association for Protection of Civil Rights) എന്ന പേരിലും പ്രകൃതി ദുരന്തങ്ങൾക്കും മറ്റും ഇരയാകുന്നവരെ സഹായിക്കാൻ Society for Bright Future എന്ന പേരിലും ഹ്യൂമൻ വെൽഫെയർ ഫൗണ്ടേഷന്റെ കീഴിൽ രണ്ട് എൻ.ജി.ഒകൾ നിലവിൽ വന്നിട്ടുണ്ട്. ഇപ്രകാരം വിദ്യാഭ്യാസം, പൊതുജനാരോഗ്യം, മൈക്രോ ഫൈനാൻസ് എന്നീ മേഖലകളിൽ ഉടൻ എൻ.ജി.ഒകൾ നിലവിൽ വരും, ഇൻശാ അല്ലാഹ്.

**വിദ്യാഭ്യാസരംഗത്ത് നടത്താൻ പോകുന്ന കാൽവെപ്പുകൾ?**

സർവതല സ്പർശിയായ ഒരു വിദ്യാഭ്യാസ പ്രോജക്ടാണ് ആവിഷ്കരിച്ചിരിക്കുന്നത്. പ്രൈമറി സ്കൂളുകളുടെ നിർമാണം, യുവാക്കൾക്ക് അംഗീകൃത ടെക്നിക്കൽ സ്കൂൾ, അംഗവൈകല്യമുള്ള കുട്ടികൾക്ക് സ്പെഷ്യൽ സ്കൂൾ, ദരിദ്ര വിദ്യാർഥികൾക്ക് പഠനസഹായം, അനാഥ വിദ്യാർഥികളുടെ വിദ്യാഭ്യാസ ചുമതല ഏറ്റെടുക്കൽ, സമർഥരായ വിദ്യാർഥികൾക്ക് അവാർഡ്, യൂനിവേഴ്സിറ്റി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് തുടങ്ങിയവ ഇതിലെ ചില ഇനങ്ങൾ മാത്രം. ഓരോ ഇനത്തിന്റെയും പ്രോജക്ട് റിപ്പോർട്ടുകൾ പരിശോധിച്ച ശേഷം ജമാഅത്തിന്റെ അതത് സംസ്ഥാന പ്രസിഡന്റുമാരു

ടെ അനുമതിയോടെ അത് നടപ്പാക്കപ്പെടുന്നതാണ്.

**എ.പി.സി.ആറിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?**

നമ്മുടേത് ഒരു ജനാധിപത്യ രാജ്യമാണ്. ഇന്ത്യൻ ഭരണഘടന എല്ലാവർക്കും മൗലികാവകാശങ്ങൾ ഉറപ്പ് നൽകുന്നുണ്ട്. അവ ഓരോ പൗരനും ലഭിക്കുന്നുണ്ടോ എന്ന് ഭരണകൂടമാണ് ശ്രദ്ധിക്കേണ്ടത്. പക്ഷേ തീർത്തും വ്യത്യസ്തമായ ചിത്രമാണ് നമ്മുടെ നാട്ടിൽ കാണാൻ കഴിയുന്നത്. ഇവിടെ ഭരണകൂടവും പാർട്ടികളും വ്യക്തികളും ദുർബല ജനവിഭാഗങ്ങളുടെ അവകാശങ്ങൾ തട്ടിയെടുക്കുന്നതിൽ മത്സരിക്കുകയാണ്. ക്രമസമാധാന നില തീരെ തൃപ്തികരമല്ല. പോലീസ് ജയിലുകളത്രയും ആളുകളെകൊണ്ട് നിറച്ചിരിക്കുന്നു. എന്നിട്ടും കുറ്റകൃത്യങ്ങൾ പെരുകി വരുന്നു. അപ്പോൾ ആരാണ് കുറ്റങ്ങൾ ചെയ്യുന്നത്? കുറ്റവാളികളത്രയും ജയിലിന് പുറത്താണ് എന്നർഥം. കുറ്റവാളികൾ പുറത്താണെങ്കിൽ അപ്പോൾ ജയിലിനകത്ത് ആരാണ്? ഇതിന് ഉത്തരം ഭരണകൂടം നൽകണം.

എ.പി.സി.ആർ പൗരാവകാശങ്ങളുടെ സംരക്ഷണത്തിന് വേണ്ടി രൂപവത്കരിച്ച എൻ.ജി.ഒ ആണ്. അവകാശങ്ങൾ നിഷേധിക്കപ്പെടുന്നവർക്ക് നിയമസഹായവും ലഭ്യമാക്കും. നിയമസംവിധാനങ്ങൾ, പോലീസ്, ഭരണകൂടം തുടങ്ങിയ ജനാധിപത്യ സ്ഥാപനങ്ങളുടെ കാവൽനായ പോലെ പ്രവർത്തിക്കും എ.പി.സി.ആർ.

**തൊഴിൽ നൽകാൻ എന്തൊക്കെ പദ്ധതികളുണ്ട്?**

ഏറ്റവും കൂടുതൽ ദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്തി മൈക്രോ ഫൈനാൻസിലൂടെ അവർക്ക് റിക്ഷയോ തയ്യൽ മെഷീനോ മറ്റു തൊഴിൽ ഉപകരണങ്ങളോ പലിശയില്ലാതെ നൽകാനാണ് നീക്കം. ചെറിയ ചെറിയ ഗഡുക്കളായി ആശ്വാസം പോലെ തിരിച്ചടച്ചാൽ മതിയാകും.

**പദ്ധതികളൊക്കെ ഗംഭീരം. പക്ഷേ ഇത് നടത്തിക്കൊണ്ടുപോകാനുള്ള വിഭവങ്ങൾ?**

ഇതൊരു ജനകീയ പ്രസ്ഥാനമാണ്. സാമൂഹിക പ്രതിബദ്ധതയുള്ളവരുടെ പ്രസ്ഥാനം. സുമനസ്സുകളായ എല്ലാ രാജ്യനിവാസികളുടെയും സഹകരണം ഞങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്. വിഭവങ്ങൾ ശേഖരിക്കാനും ചില രീതികൾ കണ്ടിട്ടുണ്ട്. ഏത് സംസ്ഥാനത്താണോ പ്രോജക്ട് ആരംഭിക്കുന്നത് പദ്ധതിച്ചെലവിന്റെ 25 ശതമാനം ആ സംസ്ഥാനത്തെ ഉദാരമതികളിൽനിന്ന് പിരിച്ചെടുക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. പത്ത് ശതമാനം തെക്കൻ സംസ്ഥാനങ്ങളിൽനിന്ന് പിരിച്ചെടുക്കും. ബാക്കി ഗവൺമെന്റ് / ഗവൺമെന്റേതര വകുപ്പുകളിൽനിന്ന് കണ്ടെത്താനാവുമെന്നാണ് പ്രതീക്ഷ.

■